"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - സ്പോർട്ട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.കവിത.പി., ശ്രീ.രഞ്ജിത്.എസ് എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1465/20 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**തദ്ദേശ സ്വയം ഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1340/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/07/2021

---

പരാമർശം:- 1 സ.ഉ(അ)നം. 2357/99/ധന, തീയതി 25.11.2019.

2 സ.ഉ(അ) നം.212/05/ധന, തീയതി 11.05.2005.

3 സ.ഉ(കൈ)നം.127/06/പൊഭവ, തീയതി 20.05.2006.

4 സ.ഉ(എം.എസ്)നം.335/2007/ജിഎഡി തീയതി 02.07.2007.

5 തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20/06/2008 ലെ ഇ 2-22/2001 നമ്പർ നടപടിക്രമം.

6 തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02/11/2009 ലെ ഇ 3-12748/2009 നമ്പർ നടപടിക്രമം.

7 തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06/11/2009 ലെ ഇ 2-22,/2001 നമ്പർ നടപടിക്രമം.

8 തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09/12/2010 ലെ ഇ 3-689/2001 നമ്പർ നടപടി ക്രമം.

9 തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 20.07.2016 ലെ ഇ 3-03/2016 നമ്പർ നടപടി ക്രമം.

10 സ.ഉ(കൈ)നം.244/2019/പൊഭവ, തീയതി 23.02.2019.11

11 ശ്രീമതി.കവിത.പി, ശ്രീ.രഞ്ജിത്.എസ് എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1465/20 നമ്പർ കേസ്സിൻ മേലുള്ള 23.09.2020 ലെ അന്തിമ ഉത്തരവ്.

12 പഞ്ചായത്ത് ഡയറക്ടറുടെ 17.02.2021 ലെ ഇ6-41/19/പാൻ നമ്പർ കത്ത്.

<u>ഉത്തരവ്</u>

സ്പോർട്ട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.കവിത.പി., ശ്രീ.രഞ്ജിത്.എസ് എന്നിവർ, തങ്ങളെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 1465/20 നമ്പർ കേസിൽ മേൽ പരാമർശം (11) പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ പരാതിക്കാർ സമർപ്പിച്ച അനക്ഷർ എ 11, അനക്ഷർ എ 12 എന്നിവ പരിശോധിച്ച് ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തീരുമാനമെടുക്കുവാൻ ഉത്തരവാകുകയുണ്ടായി.

2. തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ക്ലാർക്കായ ശ്രീ.രഞ്ജിത് എസ്, ശ്രീമതി.കവിത.പി എന്നിവർ പരാമർശം (4) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്പോർട്ട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരാകുകയും യഥാക്രമം 13.08.2007, 9.12.2008 തീയതികളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടെന്നും ഹാൻഡ് ബോൾ കായിക താരമായ ശ്രീ.രഞ്ജിത് എസ്.നെയും, ബോൾ ബാറ്റ്മിന്റൻ കായിക താരമായ ശ്രീമതി കവിത പി.യെയും പരാമർശം (5), (7) നടപടിക്രമങ്ങൾ പ്രകാരം യഥാക്രമം ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ നിയമനം ക്രമവത്ക്കരിക്കുകയും പരാമർശം (6), (8) നടപടിക്രമങ്ങൾ പ്രകാരം ടിയാളുകളുടെ നിരീക്ഷണകാലം യഥാക്രമം പൂർത്തീകരിക്കുകയുമുണ്ടായെന്നും പരാമർശം (12) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി. ശ്രീ.രഞ്ജിത്.എസ്, ശ്രീമതി.കവിത.പി എന്നിവർ ആക്ടീവ് സ്പോർട്സിൽ തുടരുന്നതിനുള്ള അപേക്ഷയിന്മേലുള്ള അപാകത പരിഹരിച്ച് പുനഃസമർപ്പിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരെ 20.07.2016 തീയതിയിൽ പരാമർശം (9) നടപടിക്രമം പ്രകാരം തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ റഗുലർ തസ്തികയിൽ ആഗിരണം ചെയ്തിട്ടുണ്ടെന്നും എന്നാൽ സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായിക താരങ്ങളുടെ സേവനം സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക (6) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് ടിയാളുകളെ റഗുലർ തസ്തികയിൽ ആഗിരണം ചെയ്യുന്നതിന് മുൻപ് തന്നെ ടിയാളുകൾ സ്പോർട്സ് ക്വോട്ടയിൽ സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ടിയാളുകളുടെ നിയമനം ക്രമവല്ക്കരിച്ചുകൊണ്ടും, നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചുകൊണ്ടും തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതായി കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായിക താരങ്ങളുടെ സേവനം സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം കായിക താരങ്ങൾ ആക്ടീവ് സ്പോർട്സിൽ നിന്നും വിരമിക്കുകയോ 35 വയസ്സ് പൂർത്തിയാകുകയോ ഏതാണോ ആദ്യം ആയതുവരെ സൂപ്പർന്യൂമററി തസ്തികയിൽ തുടരേണ്ടതാണെന്നും ആയതിന് ശേഷം അടുത്തുണ്ടാകുന്ന ഒഴിവിൽ ടിയാളുകളെ ഉൾക്കൊള്ളിക്കേണ്ടതാണെന്നും സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായിക താരങ്ങളെ റഗുലർ തസ്തികയിലേക്ക് ആഗിരണം ചെയ്യുന്ന തീയതി മുതൽക്കു മാത്രമേ ടിയാളുകളുടെ റെഗുലർ സർവീസ് ആരംഭിക്കുകയുള്ളൂവെന്നും റെഗുലർ തസ്തികയിലേക്ക് ആഗിരണം ചെയ്യുന്ന തിയതി മുതൽക്കാണ് പ്രൊബേഷനും ആരംഭിക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സ്പോർട്സ് ക്വാട്ടയിൽ സൂപ്പർന്യൂമററി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ശ്രീ.രഞ്ജിത്.എസ്, ശ്രീമതി.കവിത.പി എന്നീ കായിക താരങ്ങളുടെ നിയമനം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ക്രമീകരിച്ചതും, തുടർന്ന് നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതും ക്രമപ്രകാരമല്ല എന്ന് കാണുന്നു.

4. സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയനം ലഭിക്കുന്ന കായിക താരങ്ങൾക്ക് അവർ സൂപ്പർന്യൂമററി തസ്തികയിൽ ജോലി ചെയ്യുവാൻ ആരംഭിച്ച തീയതി മുതൽ ഒരു വർഷം പൂർത്തിയാകുന്ന മാസം ഒന്നാം തീയതി പ്രാബല്യത്തിൽ വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ് എന്ന് പരാമർശം (10) സർക്കാർ ഉത്തരവ് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഇൻക്രിമെന്റ് അനുവദിക്കുന്നത് കൊണ്ട് ഈ ജീവനക്കാർക്ക് സ്ഥിരം ഒഴിവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെടുന്നവരുടെ മേൽ സ്ഥിരപ്പെടുത്തലിനോ, സീനിയോറിറ്റിക്കോ, സമയ ബന്ധിത ഹയർ ഗ്രേഡ്, ഉദ്യോഗക്കയറ്റം മുതലായ മറ്റു സേവന ആനുകൂല്യങ്ങൾക്കോ യാതൊരു മുൻഗണനാവകാശവും ഉണ്ടായിരിക്കുന്നതല്ല എന്നും. സൂപ്പർന്യൂമററി സേവന കാലം ശമ്പള പരിഷ്കരണത്തിനും വെയ്റ്റേജിനും പരിഗണിക്കുന്നതല്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. റഗുലർ തസ്തികയിൽ സ്ഥിരനിയമനം ലഭിക്കുന്ന തീയതി മുതൽ മാത്രമേ ടി ജീവനക്കാരുടെ പെൻഷന് ആവശ്യമായ യോഗ്യസേവനകാലം ആരംഭിക്കുന്നുള്ളൂ. ശ്രീമതി.കവിതയ്ക്കും ശ്രീ.രഞ്ജിത്.എസ് - നും ഏതെങ്കിലും ഒരു പെൻഷൻ പദ്ധതിയ്ക്ക് അർഹത വരുന്നത് റഗുലർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 20.07.2016 മുതൽ മാത്രമാണ്. 31.03.2013 വരെ കെ.എസ്.ആർ ഭാഗം 3 പെൻഷൻ പദ്ധതി ബാധകമായിരിക്കുന്ന വിഭാഗങ്ങളിൽ 01.04.2013 നോ അതിന് ശേഷമോ റഗുലർ തസ്തികയിൽ നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി കവിതയ്ക്കും ശ്രീ.രഞ്ജിത്.എസ് നും 20.07.2016 മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമാവുക.

5. മേൽ സാഹചര്യത്തിൽ സ്പോർട്ട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 20.07.2016 തീയതിയിൽ പരാമർശം (9) നടപടിക്രമം പ്രകാരം തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക്

തസ്തികയിൽ റഗുലർ തസ്തികയിൽ ആഗിരണം ചെയ്തിട്ടുള്ള കവിത. പി, ശ്രീ.രഞ്ജിത്.എസ് എന്നിവരെ, യഥാക്രമം ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ നിയമനം ക്രമവല്ക്കരിക്കുകയും ടിയാളുകളുടെ നിരീക്ഷണകാലം പൂർത്തീകരിക്കുകയും ചെയ്തുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (5),(6),(7),(8) നടപടിക്രമങ്ങൾ റദ്ദ് ചെയ്തുകൊണ്ടും, തങ്ങളെ കെ.എസ്.ആർ ഭാഗം 3 പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് OA(EKM) 1465/20 നമ്പർ കേസിൽ അനക്ഷർ എ 11, അനക്ഷർ എ 12 പ്രകാരം, സമർപ്പിച്ച ആവശ്യം ചട്ടപ്രകാരം അംഗീകരിക്കാനാകില്ല എന്ന് കണ്ട് നിരസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. 23.09.2020 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

**പകർപ്പ്**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീമതി.കവിത.പി, ഉഷസ്, കാവുവിള, ചെല്ലമംഗലം, പൌഡിക്കോണം, തിരുവനന്തപുരം, 695588
ശ്രീ.രഞ്ജിത്.എസ്, ശിവാലയ, സിഎംആർഎ 106, നാലാഞ്ചിറ പി.ഒ, തിരുവനന്തപുരം, 695015
പൊതുഭരണ(സർവീസസ് ഡി)വകുപ്പ്( 15.04.2021 ലെ 97/എസ് ഡി1/2021/പൊഭവകുറിപ്പ് പ്രകാരം)
ധന വകുപ്പിന്(25.03.2021 ലെ ധെവ-1/59/2021/ധന കുറിപ്പ് പ്രകാരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
കരുതൽ ഫയൽ/ആഫീസ് പകർപ്പ്.(ഫയൽ നം.120/ഇപിഎ1/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ